# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3024

13.10.2011 ൽ മറുപടി
നൽകേണ്ടിയിരുന്നത്

## ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിർത്താൻ നടപടി

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| --- | --- |
| (എ) ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥരെ പോലീസിൽ നിന്നു മാറ്റി നിർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ആവശ്യമെങ്കിൽ മാറ്റി നിർത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) പോലീസ് സേനയെ കുറ്റവാളികളിൽ നിന്നും വിമുക്തമാക്കുന്നതിനും കൂടുതൽ കാര്യക്ഷമവും ജനകീയവുമാക്കുന്നതിനും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എ.ഡി.ജി.പി. മാർ അടങ്ങുന്ന ഒരു അച്ചടക്ക കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എ.ഡി.ജി.പി. മാർ അടങ്ങുന്ന ഈ കമ്മറ്റി ഇത്തരത്തിലുള്ള എല്ലാ കേസുകളും ഓരോ ആറുമാസം കൂടുമ്പോൾ പുനപരിശോധിക്കുകയും ശുപാർശകൾ സംസ്ഥാനപോലീസ് മേധാവിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഇത്തരം ശുപാർശകളുടെ അടിസ്ഥാനത്തിൽ പോലീസ് സേനയിൽ തുടരാൻ അയോഗ്യരായിട്ടുള്ളവരെ കേരളാ പോലീസ് ആക്ട് 2011 ലെ 6-ാം വകുപ്പനുസരിച്ച് നീക്കം ചെയ്യുക എന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ക്രിമിനൽ സ്വഭാവമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിർത്താൻ നടപടി സ്വീകരിച്ചു; അവർ ആരൊക്കെയാണെന്നും ഏതൊക്കെ കേസുകളുടെ പേരിലാണ് മാറ്റി നിർത്തിയതെന്നും വെളിപ്പെടുത്തുമോ? | (സി) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ